പട്ടികവർഗ്ഗ ഗോത്രങ്ങളിലെ ശിശുമരണങ്ങളുടെ കണക്ക്

189(2227) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ ശിശുമരണങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആശ്വാസനിധി പദ്ധതി

190(2232) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ആശ്വാസ നിധി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി "പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി" എന്ന പേരിലും 'സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന പേരിലും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

GPM. 2/243/2020-38

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചികിത്സാ രംഗത്തുണ്ടായ മാറ്റങ്ങളും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുകളും പരിഗണിച്ച് വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുക, പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് ധനസഹായം, പ്രകൃതിക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം എന്നിവയും ടി പദ്ധതിയിലുൾപ്പെടുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആർ.സി.സി., മലബാർ കാൻസർ സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, എസ്.എ.ടി.· എന്നീ സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മേൽ സ്ഥാപനത്തിലെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം തുക അനുവദിച്ച് നൽകുകയും അവർ അവരുടെ അധീനതയിലുള്ള ജില്ലാ, താലൂക്ക് ആശുപത്രികൾക്കും പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിച്ച് നൽകുന്നു. ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർ നൽകേണ്ട രേഖകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുകയും പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കാവുന്ന പരമാവധി ചികിത്സാ ചെലവ് വിവിധ തലങ്ങളിൽ അനുവദിക്കാവുന്നതിന്റെ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് ആശുപത്രി തലത്തിലും, ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

191(2233) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെരിറ്റ് അടിസ്ഥാനത്തിൽ സ്വാശ്രയ കോളേജുകളിലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതു കാരണം മറ്റ് വരുമാനമാർഗ്ഗമൊന്നുമില്ലാത്ത എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly